TUESDAY 21/10/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/10/2025

1. RKVY- PDMC (2025-26) പദ്ധതി പ്രകാരം സൂക്ഷ്മ ജലസേചനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ആപ്ലിക്കേഷൻ ഫോം, സാക്ഷ്യ പത്രം എന്നിവ പൂരിപ്പിച്ചതിന് ശേഷം അപേക്ഷകൻറെ പാസ്പോർട്ട് സൈസ്സ് ഫോട്ടോ, ആധാർ കാർഡിൻറെ കോപ്പി, സ്ഥലത്തിൻറെ നികുതി അടച്ച രസീതി, ബാങ്ക് പാസ്സ് ബുക്കിൻറെ കോപ്പി, ജില്ലയിലെ അംഗീകൃത ഡീലർമാരിൽ നിന്ന് അപേക്ഷകൻറെ സ്ഥലത്തിന് ആവശ്യമായ ഡ്രിപ്പ് / സ്പ്രിംഗ്ളർ ൻറെ ക്വട്ടേഷൻ ഇവയുൾപ്പെടെ കൃഷി എഞ്ചിനീയറിംഗ് ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9383471924, 9383471925 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മില്ലുമുക്ക് - വയനാട് .

2. "വിഷൻ 2031" എന്ന പേരിൽ മൃഗസംരക്ഷണ ക്ഷീരവികസന സംസ്ഥാനതല സെമിനാർ കൊല്ലം കടയ്ക്കൽ ഗാഗോ കൺവെൻഷൻ സെൻററിൽ വച്ച് 2025 ഒക്ടോബർ 21 ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ ഉദ്ഘാടനം ധനകാര്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വകുപ്പുമന്ത്രി K.N. ബാലഗോപാൽ ന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. കേരള സർക്കാർ മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുകൾ സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൂടാതെ കെ.എൽ.ഡി. ബോർഡ്, കേരളാ ഫീഡ്സ്, കെപ്കോ, മിൽമാ, എം.പി.ഐ. തുടങ്ങിയ സർക്കാർ ഏജൻസികളും പരിപാടിയുമായി സഹകരിക്കുന്നു. മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകർ, സംരംഭകർ, ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, മാധ്യമ തുടങ്ങി പ്രവർത്തകർ, സ്വകാര്യ – പൊതുമേഖലാ സ്ഥാപന മേധാവികൾ ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ സെമിനാറാണ് സംഘടിപ്പിക്കപ്പെടുന്നത്.

3. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകൻമാരിൽ ഒരാളുമായ ശ്രീ ഷിബുലാലും

കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/– രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30.

ff



അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

## പരിശീലന പരിപാടി

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം വിവിധ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. ഒക്ടോബർ 24ന് **ഓമന പക്ഷി വളർത്തൽ** 27, 28 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 30ന് **എരുമ വളർത്തൽ** എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒക്ടോബർ മാസം 22, 23 തീയതികളിൽ **ആട് വളർത്തൽ** എന്ന വിഷയത്തിലും, 29, 30 തീയതികളിൽ **പന്നി വളർത്തൽ,** എന്ന വിഷയത്തിലും രാവിലെ 10 മുതൽ വൈകിട്ട് 5വരെ പരിശീലനം നൽകുന്നു . കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0469 2965535.